" ഭരണഭാഷ-മാതൃഭാഷ "

**അടിയന്തിരം**

കേരള സർക്കാർ

നം.പി.എസ്.2/190/2018/ത.സ്വ.ഭ.വ.

തദ്ദേശ സ്വയം ഭരണ (പി.എസ്.)വകുപ്പ്,
തിരുവനന്തപുരം, തീയതി, 11.05.2018

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള അർബൻ & റൂറൽ ഫിനാൻഷ്യൽ ഫിനാൻഷ്യൽ
കോർപ്പറേഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS-Cell)
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
സെക്രട്ടറി, ഗോശ്രീ ഐലന്റ് വികസന അതോറിറ്റി,
പ്രോജക്ട് ഡയറക്ടർ, കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസസ് ഡെലിവറി പ്രോജക്ട്
തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത്, വിപഞ്ചിക അനക്സ്, വെള്ളയമ്പലം

സർ,

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാന മന്ത്രിസഭയുടെ 2ാം വാർഷികാഘോഷം 2018 - മന്ത്രിസഭാ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :-1) 2018 ഏപ്രിൽ 12, 21 തീയതികളിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം

2) സർക്കാർ ഉത്തരവ് (സാധാ) നം.102/2018/ഐ & പി.ആർ തീയതി 21.04.2018

സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2018 ഏപ്രിൽ 12, 21 എന്നീ തീയതികളിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2018 ഏപ്രിൽ 12 ലെ യോഗ തീരുമാന പ്രകാരം ജില്ലാതല പ്രദർശന മേളകളിൽ സ്റ്റാൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ബഹു.ചീഫ് സെക്രട്ടറി നിർദ്ദേശിട്ടുണ്ട്. സ്റ്റാൾ സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ പി.ആർ.ഡി. നിർവ്വഹിക്കുന്നതും സ്റ്റാളിലെ മറ്റ് ചെലവുകൾ ബന്ധപ്പെട്ട വകുപ്പുകൾ വഹിക്കേണ്ടതാണെന്നും ഇതിനായി വകുപ്പുകൾക്ക് അവരവരുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് പരമാവധി ഒരു ജില്ലയിൽ ഒരു ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഏപ്രിൽ 21-ലെ യോഗ തീരുമാന പ്രകാരം " വാർഷികാഘോഷങ്ങളുടെ ഭാഗമായി ജില്ലകളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സർക്കാർ കോമ്പൗണ്ടുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് താൽക്കാലിക ഹോർഡിംഗുകൾ സ്ഥാപിക്കുവാനുള്ള അനുവാദം അതത് വകുപ്പുകൾ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് നൽകുന്നതിനാവശ്യമായ നടപടികൾ" അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

രാജേഷ് കുമാർ.എം.
ഡെപ്യൂട്ടി സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

File No.C2/74/2018-IandPRD

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷ പരിപാടികൾ - ജില്ലാതല പ്രദർശന മേളയിൽ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയ്ക്ക് ഓരോ ജില്ലയിലും പരമാവധി ഒരു ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം./102/2018/ഐ & പി.ആർ തീയതി,തിരുവനന്തപുരം, 21/04/2018

പരാമർശം: സ.ഉ. (സാധാ.) 55/2018/ഐ & പി ആർ, തീയതി 17.03.2018

**ഉത്തരവ്**

സംസ്ഥാനമന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച്, സംസ്ഥാന സർക്കാർ നടപ്പാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇതിന് ആവശ്യമായ തുക ചെലവഴിക്കുന്നതിനും പരാമർശം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു വാരം നീണ്ടു നിൽക്കുന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ജില്ലാതല പ്രദർശന മേളകളിൽ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയ്ക്ക് ഓരോ ജില്ലയിലും പരമാവധി **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3) മേളയിൽ പങ്കെടുക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും മേളയുടെ ഫലപ്രാപ്തി ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJA V
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

File No.C2/74/2018-IandPRD

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ (എഫ് പി)/ഇൻഫർമേഷൻ ഓഫീസർ (എഫ് പി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
ധനകാര്യ വകുപ്പ് (Vide U O(O) No.EXP-B1/148/2018-FIN (804833) dated, 17.04.2018)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

3/5/18
12.15pm

SUPERINTENDENT
General Admn (IBMC) Desk
Govt. Secretariat
Thiruvananthapuram
Ph. No. 2518404

<u>സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 12/04/2018-ന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്</u>

യോഗം ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

യോഗത്തിൽ പങ്കെടുക്കാനെത്തിയവരെ ബഹു. ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു. സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മന്ത്രിസഭായോഗ തീരുമാന പ്രകാരമുള്ള നടപടികളിലെ പുരോഗതി യോഗത്തിൽ വിലയിരുത്തി.

ജില്ലാതല പരിപാടികളുടെ സംഘാടനം സംബന്ധിച്ച് ജില്ലാതല മീറ്റിംഗുകൾ ഇതിനോടകം ചേർന്നിട്ടുണ്ടെന്ന് ബഹു. ഐ & പി ആർ വകുപ്പ് സെക്രട്ടറി അറിയിച്ചു. മുൻ യോഗതീരുമാന പ്രകാരം പ്രസിദ്ധീകരണത്തിനുള്ള മാറ്റർ ഒട്ടു മിക്ക വകുപ്പുകളും ലഭ്യമാക്കിയിട്ടില്ലെന്ന് യോഗം വിലയിരുത്തുകയും ജില്ലാതല ഉദ്ഘാടനങ്ങളോടനുബന്ധിച്ച മാറ്ററുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച മാറ്ററുകൾ എന്നിവ 13.04.2018-ന് വൈകുന്നേരത്തിന് മുമ്പ് അഡ്വാൻസ്ഡ് കോപ്പിയെങ്കിലും പി.ആർ.ഡിയിൽ എത്തിക്കേണ്ടതാണെന്ന് യോഗത്തിൽ പങ്കെടുത്ത എല്ലാ വകുപ്പ് മേധാവികളോടും ബഹു. ചീഫ് സെക്രട്ടറി നിർദേശിച്ചു. കൂടാതെ ജില്ലാതല പ്രദർശനമേളകളിൽ സ്റ്റാൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ബഹു. ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. സ്റ്റാൾ സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ പി.ആർ.ഡി നിർവഹിക്കുന്നതും സ്റ്റാളിലെ മറ്റ് ചെലവുകൾ ബന്ധപ്പെട്ട വകുപ്പുകൾ വഹിക്കേണ്ടതാണെന്നും ഇതിനായി വകുപ്പുകൾക്ക് അവരവരുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് പരമാവധി ഒരു ജില്ലയിൽ ഒന്നര ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യവകുപ്പിൽ നടപടി പുരോഗമിച്ച് വരുന്നുവെന്നും ബഹു. പിആർഡി സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

ജില്ലാതല ഉദ്ഘാടനങ്ങളുടെ തീയതികൾ സംബന്ധിച്ച് തീരുമാനമായിട്ടുണ്ടെന്നും ഉദ്ഘാടനം നിർവഹിക്കുവാൻ സാധിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ജില്ലകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകൾ പ്രകാരം ഏകദേശം 7 6 0 പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുവാൻ സാധ്യമാകുമെന്നും പി.ആർ.ഡി ഡയറക്ടർ അറിയിച്ചു.

ജില്ലാതലങ്ങളിലെ പ്രദർശനങ്ങളോടനുബന്ധിച്ച് നടക്കുന്ന സാംസ്കാരിക പരിപാടികളിൽ ഐ& പിആർ വകുപ്പും സാംസ്കാരികകാര്യ വകുപ്പും ചേർന്ന് കലാപരിപാടികൾ തെരഞ്ഞെടുക്കണമെന്നും യോഗത്തിൽ ബഹു. ചീഫ് സെക്രട്ടറി നിർദേശിച്ചു. ഇതിനായുള്ള നടപടികൾ പുരോഗമിക്കുന്നതായി സാംസ്കാരിക വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

മറ്റ് നടപടികളിലെ പുരോഗതിയും യോഗം വിലയിരുത്തി.

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തക വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. യൂണിഫോം വിതരണത്തിനുള്ള സ്റ്റോക്ക് എത്തിച്ചേർന്നതായും യഥാസമയം തന്നെ വിതരണം നടത്തുവാൻ സാധിക്കുമെന്നും വ്യവസായ വകുപ്പ് പ്രതിനിധി അറിയിച്ചു. കൂടാതെ കുട്ടികൾക്കുള്ള കത്തും വിത്തും വൃക്ഷത്തൈയും വിതരണത്തിനുള്ള നടപടികളും ഐ& പി.ആർ, വനം, കൃഷി എന്നീ വകുപ്പുകളിൽ പുരോഗമിച്ച് വരുന്നു. ഫീൽഡ് പബ്ലിസിറ്റി സംബന്ധിച്ച പരിപാടികളും ഐ & പി ആർ വകുപ്പിൽ പുരോഗമിച്ച് വരുന്നു.

മറ്റ് വകുപ്പുകളിലെ ഡയറക്ടർമാരെ കൂടി ഉൾക്കൊള്ളിച്ച് പി.ആർ.ഡി ഡയറക്ടർ ഒരു വാട്ട്സപ്പ് ഗ്രൂപ്പ് ആരംഭിക്കേണ്ടതും വാർഷികാഘോഷപരിപാടികളുമായി ബന്ധപ്പെട്ട എല്ലാ

വിവരങ്ങളും യഥാസമയം ഷെയർ ചെയ്യേണ്ടതുമാണെന്ന് ബഹു. ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

ജില്ലാതല ഉദ്ഘാടനങ്ങളോടനുബന്ധിച്ച മാറ്ററുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പുസ്തകപ്രസിദ്ധീകരണം സംബന്ധിച്ച മാറ്ററുകൾ എന്നിവ 13.04.2018-നകം എത്തിക്കാത്ത വകുപ്പുകളുടെ വിവരങ്ങൾ അറിയിക്കണമെന്നും ബഹു.ചീഫ് സെക്രട്ടറി, ബഹു.ഐ & പി ആർ വകുപ്പ് സെക്രട്ടറിയോട് നിർദേശിച്ചു.

യോഗം 12.40 ന് അവസാനിച്ചു.

## അനുബന്ധം

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ. വി.എച്ച് കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഐ & പി ആർ വകുപ്പ്
3. ശ്രീ. കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
4. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, എൽ എസ് ജി (റൂറൽ) വകുപ്പ്
5. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, ഇൻഡസ്ട്രീസ് & ടാക്സസ്
6. ശ്രീമതി സുമന എൻ മേനോൻ, സെക്രട്ടറി, സൈനിക ക്ഷേമവും അച്ചടിയും സ്റ്റേഷനറിയും
7. ഡോ. ശർമ്മിള മേരി ജോസഫ്, സെക്രട്ടറി, ഫിനാൻസ് (എക്സ്പെൻഡിച്ചർ)& പ്ലാനിംഗ്
8. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. അനിൽ എക്സ്, സെക്രട്ടറി, അനിമൽ ഹസ്ബന്ററി & ഡയറി ഡെവലപ്മെന്റ്
10. ശ്രീ. അബ്ദുൽ നാസർ, ഹൗസിങ്ങ് കമ്മീഷണർ
11. ശ്രീ. സുഭാഷ് ടി വി, ഡയറക്ടർ, ഐ & പി ആർ വകുപ്പ്
12. ശ്രീമതി ഷീബ ജോർജ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
13. ശ്രീ. പി.ബി നൂഹ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
14. ശ്രീമതി മേരിക്കുട്ടി, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
15. ശ്രീമതി ബിന്ദു വി.സി, എം.ഡി, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ
16. ശ്രീ. കെ. തരുൺലാൽ, ഡെപ്യൂട്ടി സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
17. ശ്രീമതി മിനി, ഡെപ്യൂട്ടി സെക്രട്ടറി, സ്പോർട്ട്സ് & യൂത്ത് അഫയേഴ്സ് വകുപ്പ്
18. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് വകുപ്പ്
19. ശ്രീ. തമ്പി മാത്യൂ, ഡെപ്യൂട്ടി ഡയറക്ടർ(പ്ലാനിംഗ്), ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
20. ശ്രീമതി ഗീത കെ, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
21. ശ്രീമതി സി.കെ സജിത, അഡീഷണൽ ഡയറക്ടർ(പ്ലാനിംഗ്), കൃഷി വകുപ്പ്.
22. ശ്രീ. ജയചന്ദ്രൻ പി.ജെ, ഡെപ്യൂട്ടി ഡയറക്ടർ(പ്ലാനിംഗ്), കൃഷി വകുപ്പ്
23. ശ്രീ. മനു ബി, അഡീഷണൽ സെക്രട്ടറി, ടൂറിസം വകുപ്പ്
24. ശ്രീ. മോഹനകുമാർ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
25. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ ലോ സെക്രട്ടറി
26. ശ്രീമതി താരാദേവി, അഡീഷണൽ സെക്രട്ടറി, എസ്.സി വകുപ്പ്
27. ശ്രീമതി ബീനാകുമാരി, അഡീഷണൽ സെക്രട്ടറി, എസ്.റ്റി വകുപ്പ്
28. ശ്രീമതി ഗീത , അഡീഷണൽ സെക്രട്ടറി, ആരോഗ്യവകുപ്പ്
29. ശ്രീ. പി വിനോദ്, അഡീഷണൽ ഡയറക്ടർ(ജനറൽ), ഐ & പി ആർ ഡി വകുപ്പ്
30. ശ്രീ. എ.എസ് സന്തോഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് പബ്ലിസിറ്റി)

സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷങ്ങളുടെ തയ്യാറെടുപ്പിന്റെ പുരോഗതി ചർച്ച ചെയ്യുന്നതിന് 21/04/2018-ൽ ബഹു. ചീഫ്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്

യോഗം കൃത്യം വൈകിട്ട് 4 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സംസ്ഥാനമന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മന്ത്രിസഭായോഗതീരുമാനമനുസരിച്ചുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി പുരോഗമിച്ച് വരികയാണെന്നും മുൻയോഗ തീരുമാനപ്രകാരം മെയ് മാസം സംഘടിപ്പിക്കുവാൻ സാധ്യമാകുന്ന ഉദ്ഘാടന പദ്ധതികളുടെ വിവരങ്ങൾ, പബ്ലിക്കേഷൻ മെറ്റീരിയൽസ് എന്നിവ മിക്ക വകുപ്പുകളും ലഭ്യമാക്കിയിട്ടുണ്ടെന്നും ചുരുക്കം ചില വകുപ്പുകൾ മാത്രമേ ഇനി നല്കുവാനുള്ളൂ എന്നും ആമുഖമായി ഐ&പിആർ വകുപ്പ് സെക്രട്ടറി അറിയിച്ചു.

റിപ്പോർട്ട് ഇനിയും നൽകാത്ത വകുപ്പുകൾ ആയത് ഉടൻ തന്നെ നൽകേണ്ടതാണെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. ഉദ്ഘാടന സമാപന പരിപാടികളെ സംബന്ധിച്ച പുരോഗതിയും ചീഫ് സെക്രട്ടറി ആരാഞ്ഞു.

വാർഷികാഘോഷ പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം കണ്ണൂരിലും സമാപനം തിരുവനന്തപുരത്തുമാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. കണ്ണൂരിലെ ഉദ്ഘാടന പരിപാടികൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായും, സമാപന പരിപാടിയ്ക്ക് ശ്രീ. സൂര്യ കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിലുള്ള കലാസംഘം അവതരിപ്പിക്കുന്ന പരിപാടിയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇതോടനുബന്ധിച്ച കാര്യങ്ങൾ 20/04/2018-ന് ചേർന്ന യോഗത്തിൽ ചർച്ച ചെയ്തിരുന്നുവെന്നും നടപടികൾ പുരോഗമിച്ചു വരികയാണെന്നും സെക്രട്ടറി അറിയിച്ചു.

യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. വാർഷികാഘോഷങ്ങളുടെ ഭാഗമായി ജില്ലകളിൽ ജില്ലാ കളക്ടർ അധ്യക്ഷനായി

രൂപീകരിച്ചിട്ടുള്ള സ്വാഗതസംഘം ജില്ലാതല പരിപാടികൾക്ക് നടപടി സ്വീകരിച്ചു വരികയാണ്. എല്ലാ ജില്ലാ കളക്ടർമാരുമായും ബഹു. ചീഫ് സെക്രട്ടറി ഒരു വീഡിയോ കോൺഫറൻസിംഗ് നടത്തുന്നതാണ്.

2. വാർഷികാഘോഷങ്ങളുടെ ഭാഗമായി ജില്ലകളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സർക്കാർ കോമ്പൗണ്ടുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് താൽക്കാലിക ഹോർഡിംഗുകൾ സ്ഥാപിക്കുവാനുള്ള അനുവാദം അതത് വകുപ്പുകൾ ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന് നൽകേണ്ടതാണ്.

യോഗം വൈകിട്ട് 4.30-ന് അവസാനിച്ചു.

അനുബന്ധം

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും
2. ശ്രീ. പി എച്ച് കുര്യൻ , അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ
3. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത്
4. ശ്രീ. വേണു വി, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതിപട്ടികവർഗ്ഗവികസനം
5. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണം
6. ശ്രീ. എസ് കൗശിക്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്)
7. ഡോ. ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം
8. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, കൃഷി, മൃഗസംരക്ഷണം & ക്ഷീര വികസനം
9. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, വ്യവസായം & ടാക്സസ്
10. ശ്രീ. ശിവശങ്കർ എം, സെക്രട്ടറി, ഐടി
11. ശ്രീ. ബി അശോക്, സെക്രട്ടറി, തൊഴിലും നൈപുണ്യവും
12. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, കൾച്ചർ & ടൂറിസം
13. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവം
14. ശ്രീ. വേണുഗോപാൽ, സെക്രട്ടറി, ഐ & പി ആർ ഡി
15. ഡോ. ശർമ്മിള മേരി ജോസഫ്, സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) & പ്ലാനിംഗ്
16. ശ്രീമതി. സുമന എൻ മേനോൻ, സെക്രട്ടറി, സൈനിക് വെൽഫെയർ, പ്രിന്റിംഗ് ആന്റ് സ്റ്റേഷണറി
17. ശ്രീ. സുഭാഷ് ടി വി, ഡയറക്ടർ, ഐ&പി ആർ ഡി
18. ശ്രീമതി ഷീബ ജോർജ്ജ്,-ഡയറക്ടർ, വുമൺ & ചൈൽഡ് ഡിപ്പാർട്ട്മെന്റ്
19. ശ്രീ. എൻ റ്റി എൽ റെഡ്ഡി, ഡയറക്ടർ, സിവിൽ സപ്ലൈസ്
20. ശ്രീ പി ബി നൂഹ്, ഡയറക്ടർ, എസ് ടി ഡി
21. ഡോ. നവ്ജോത് ഖോസ, ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യം & ആയുഷ്
22. ശ്രീമതി ബിന്ദു വി സി, മാനേജിംഗ് ഡയറക്ടർ, കെ എസ് ഡബ്ല്യു ഡി സി
23. ശ്രീ. ശ്രീജിത്ത് കെ ജി, പ്രോജക്റ്റ് കോ ഓർഡിനേറ്റർ, കെ എസ് ഡബ്ല്യു ഡി സി
24. ശ്രീ. മുഹമ്മദ് അൻസാരി, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
25. ശ്രീ. പി. ജി സുരേഷ്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (എൻ എച്ച്)
26. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ ലാ സെക്രട്ടറി
27. ശ്രീമതി കെ. എം ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
28. ശ്രീ പി എസ് കൃഷ്ണകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
29. ശ്രീമതി. മിനിമോൾ ടി, ജോയിന്റ് സെക്രട്ടറി, കായിക യുവജനക്ഷേമ വകുപ്പ്
30. ശ്രീ. പി. വിനോദ്, അഡീഷണൽ ഡയറക്ടർ, ഐ&പി ആർ ഡി
31. ശ്രീ. എസ് സന്തോഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (എഫ് പി ), ഐ&പി ആർ ഡി
32. ശ്രീ. കിരൺറാം, ഇൻഫർമേഷൻ ഓഫീസർ, ഐ&പി ആർ ഡി